പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3225 21.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; | (എ) | നിലവിലില്ല. |
| (ബി) | പ്രസ്തുത തസ്തികകളിൽ പി.എസ്.സി. അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ തസ്തികയിൽ അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ അഡ്വൈസ് ലഭിച്ച എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ നിയമനം നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക വിലയിരുത്തലിൽ നിലവിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്ക്കരിച്ച് സിംഗിൾ ഡ്യൂട്ടി ആക്കുവാനും കോർപ്പറേഷനിലെ ബസ്സ് - ജീവനക്കാരുടെ അനുപാതം പുനഃക്രമീകരിച്ച് ദേശീയ ശരാശരിയിൽ എത്തിക്കുവാനും നിഷ്ക്കർഷിക്കുന്നു. നിലവിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി ആയി മാറുമ്പോൾ |

| | | | |
|---|---|---|---|
| | | | നിലവിൽ കോർപ്പറേഷനിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ അധികമായി മാറുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് കോർപ്പറേഷനിലെ ജീവനക്കാരുടെ അംഗബലം പുനഃക്രമീകരിച്ച ശേഷം, ടി ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുന്നതാണ്. |
| (ഡി) | പ്രസ്തുത തസ്തികകളിൽ നിലവിലില്ലാത്ത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചീഫ് ഓഫീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**